9 -ാം വർഷം
2025
ജൂൺ 15
പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ

Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# ട്രൈമോർഫിസം

ജോയേൽ 2:18-26, റോമ 5:1-15, യോഹന്നാൻ 16:12-15

'എല്ലാറ്റിലും ഉപരിയായി ഈ വിശ്വാസനിക്ഷേപം പരിരക്ഷിക്കുവിൻ; ഈ വിശ്വാസനിക്ഷേപത്തിനുവേണ്ടിയാണ് ഞാൻ ജീവിക്കുന്നതും സമരം ചെയ്യുന്നതും. ഇതിനെ എന്റെ സഹചാരിയായി കൊണ്ടുനടക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എല്ലാ ദുഃഖ ദുരിതങ്ങളും സഹിക്കുവാനും സർവ സന്തോഷങ്ങളും ത്യജിക്കുവാനും എന്നെ ശക്തനാക്കുന്നത് ഇതാണ് : പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലുമുള്ള വിശ്വാസപ്രഖ്യാപനം. ഇതു ഞാൻ നിന്നെ ഇന്ന് ഏൽപിക്കുകയാണ്. ഈ വിശ്വാസപ്രഖ്യാപനത്തോടെ ഞാൻ ഉടനെതന്നെ നിന്നെ വെള്ളത്തിൽ മുക്കുവാനും വെള്ളത്തിൽ നിന്നു ഉയർത്തുവാനും പോകുകയാണ്. നിന്റെ ജീവിതം മുഴുവന്റെയും സഹചാരിയും രക്ഷാധികാരിയുമായി ഈ വിശ്വാസം നിനക്ക് ഞാൻ ഭരമേൽപ്പിക്കുന്നു. മൂന്നു വ്യക്തികളിലായിരിക്കുന്ന ഒരു ദൈവികപ്രകൃതിയിലും ശക്തിയിലുമുള്ള വിശ്വാസമാണിത്; ഈ മൂന്നു വ്യക്തികളെയും വ്യതിരിക്തരീതിയിലാണ് മനസ്സിലാക്കേണ്ടത്. സത്തയുടെയോ പ്രകൃതിയുടെയോ കാര്യത്തിൽ യാതൊരു ഏറ്റക്കുറച്ചിലുമില്ലാത്തതാണ് ഈ ദൈവപ്രകൃതി ; ഉയർച്ചയ്ക്കു നിദാനമായ ശ്രേഷ്ഠ നിലയോ താഴ്ചയ്ക്കു നിദാനമായ അധോനിലയോ ഇവിടെയില്ല. മൂന്നു അനന്തവ്യക്തികളുടെ അനന്തമായ ഐക്യമാണത്. വ്യതിരിക്തമായി പരിഗണിക്കുമ്പോൾ ഓരോ വ്യക്തിയും ദൈവമാണ്. ഒരുമിച്ചു



സജീവ് പാറേക്കാട്ടിൽ

പരിഗണിക്കുമ്പോൾ ദൈവം ത്രിയേകമാണ്. ഞാൻ ഏക ദൈവത്തെപ്പറ്റി ചിന്തിക്കുവാൻ തുടങ്ങുമ്പോഴേക്കും മൂന്നു ദൈവിക വ്യക്തികളും എന്നെ തേജസ്സുകൊണ്ട് വലയം ചെയ്യുന്നു. ഞാൻ മൂവരെയുംപറ്റി ചിന്തിക്കുവാൻ തുടങ്ങുമ്പോഴേക്കും ഏകദൈവത്തിലേക്ക് നയിക്കപ്പെടുന്നു. '

പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസത്തിന്റെ സംഗ്രഹം ദൈവ ശാസ്ത്രനിപുണനായ വിശുദ്ധ ഗ്രിഗരി നസിയാൻസൻ കോൺസ്റ്റാൻന്റി നോപ്പിളിലെ ജ്ഞാനസ്നാനാർഥി കൾക്കു വിവരിച്ചുകൊടുക്കുന്നത് ഇപ്രകാരമാണെന്ന് കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം രേഖപ്പെടുത്തുന്നുണ്ട് (ഖണ്ഡം രണ്ട്, അധ്യായം ഒന്ന്, ഖൺഡിക 2, നമ്പർ 256). ഇന്ന് ട്രിനിറ്റി സൺഡേ ആണ്. പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ ഞായറാണ്. വിശുദ്ധ ഗ്രിഗരിയുടെ ഭാഷയിൽ, നമ്മെ വലയം ചെയ്യുന്ന ദൈവിക തേജസ്സിന്റെ തിരുനാളാണ്. സത്തയിൽ ഒന്നായിരിക്കുമ്പോഴും ആളത്തത്തിൽ വ്യത്യസ്തമായിരിക്കുന്ന സ്നേഹത്തിന്റെ തിരുനാളാണ്. ഇത്രമേൽ തേജസ്സും ഇത്രമേൽ സ്നേഹവും ഇത്രമേൽ ആനന്ദവും നമ്മെ വലയം ചെയ്യുന്ന മറ്റൊരു തിരുനാളില്ല. ഒരു കത്തോലിക്കാ ക്രിസ്ത്യാനിയുടെ ജീവിതം പരിശുദ്ധ ത്രിത്വത്തിലുള്ള ജീവിതമാണ്. പിതാവിൽ നിന്നും പുത്രനിൽനിന്നും പരിശുദ്ധാത്മാവിൽ നിന്നുമാണ് ആ ജീവിതം സമാരംഭിക്കുന്നത്. പിതാവിലൂടെയും പുത്രനിലൂടെയും പരിശുദ്ധാത്മാവിലൂടെയുമാണ് അത് മുന്നോട്ടുപോകുന്നത്. പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലുമാണ് ഒടുവിൽ അത് വിലയം പ്രാപിക്കുന്നത്. 'ഏറ്റവും ദുർഗ്രഹമായ രഹസ്യം ' എന്നാണ് പരിശുദ്ധ ത്രിത്വം വിശേഷിപ്പിക്കപ്പെടുന്നത്. വിശുദ്ധ അഗസ്റ്റിനെപ്പോലെയുള്ള മഹാമനുഷ്യൻ ധ്യാനിച്ചിട്ടും കാര്യമായി വഴങ്ങാത്ത മഹാരഹസ്യം! പക്ഷേ, ദുർഗ്രഹം എന്നതിനാൽ അനുഭവിക്കാനാവില്ല എന്നർത്ഥമില്ല. 'മനസ്സിൽ ആക്കാൻ' പ്രയാസമാണെങ്കിലും ഹൃദയത്തിൽ അനുഭവിക്കാൻ പ്രയാസമില്ല. അക്ഷരങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും വഴങ്ങാൻ പ്രയാസമാണെങ്കിലും നുകർന്നു ജീവിക്കാൻ പ്രയാസമില്ല. നമ്മുടെ എല്ലാ അനുഭവങ്ങളും വിശദീകരിക്കാനും വ്യാഖ്യാനിക്കാനും നമുക്ക് കഴിയാറില്ലല്ലോ. അതുകൊണ്ട് മാത്രം അവയെ നിരാകരിക്കാനും മൂല്യമില്ലാത്തതായി കരുതാനും കഴിയില്ല. അതുപോലെയാണ് പരിശുദ്ധ ത്രിത്വം എന്ന ദൈവികരഹസ്യവും. നമ്മുടെ ചെറു ഹൃദയങ്ങൾക്ക് സർവ്വശക്തനായ ദൈവത്തെ പിതാവും പുത്രനും പരിശുദ്ധാത്മാവുമായി അറിയാനും അനുഭവിക്കാനും സ്നേഹിക്കാനും ആരാധിക്കാനും പ്രഘോഷിക്കാനും കഴിയുന്നു എന്നതാണ് നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ അത്ഭുതം. ഈ അത്ഭുതത്തെക്കുറിച്ച് അവബോധമുള്ളവരാകാനാണ് പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ നമ്മെ ക്ഷണിക്കുന്നത്.

## ത്രിയേകത്വം X ത്രിമൂർത്തിത്വം

a union of three in one; state of being three; triad ത്രിത്വം; ത്രികം; ത്രിയേകത്വം, Christian concept or doctrine of God - head representing three spirits ie. Father, Son, and Holy Spirit പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ക്രിസ്തീയ ദിവ്യത്രിത്വം; ത്രിയേകത്വ വാദം എന്നൊക്കെയാണ് trinity എന്ന വാക്കിന് നിഘണ്ടു നൽകുന്ന അർത്ഥവിശദീകരണം. ഇവിടെ Trimurti എന്ന വാക്കിന്റെ അർത്ഥവിശദീകരണം പരിശോധിക്കുന്നത് പ്രസക്തമാണ്. the concept of the co- ordinated or combined existence of the Hindu Gods as Brahma, Vishnu and Maheswara ബ്രഹ്മ - വിഷ്ണു - മഹേശ്വരന്മാരായി സങ്കല്പിക്കപ്പെടുന്ന ഹൈന്ദവ ത്രിദേവതാസങ്കല്പം എന്നാണ് ത്രിമൂർത്തി എന്ന വാക്കിന്റെ വിശദീകരണം.

ഹൈന്ദവധർമ്മത്തിലെ ത്രിമൂർത്തി സങ്കല്പവും ക്രൈസ്തവവിശ്വാസത്തിലെ ത്രിയേകത്വവും തമ്മിൽ യാതൊരു സാമ്യവുമില്ല എന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ത്രിമൂർത്തിത്വം മൂന്നു വ്യത്യസ്ത ദേവന്മാരെക്കുറിച്ചുള്ളതാണ്. ത്രിത്വം അഥവാ ത്രിയേകത്വമാകട്ടെ മൂന്നാളുകളെങ്കിലും ഒന്നായിരിക്കുന്ന ഒറ്റസത്തയെക്കുറിച്ചുള്ളതാണ്. 'അതുപോലെ ഇതും' എന്ന സാമാന്യധാരണയിൽ അടിസ്ഥാനമില്ലെന്ന് സാരം.

## പരിശുദ്ധ ത്രിത്വം - അഴകും ആകാരവും

മറ്റെല്ലാം എന്നപോലെ പരിശുദ്ധ ത്രിത്വത്തെയും നമുക്ക് വെളിപ്പെടുത്തിയത് യേശുക്രിസ്തുവാണ്. പരിശുദ്ധ ത്രിത്വത്തിന്റെ രൂപവും ഭാവവും ലയവും ലാവണ്യവും ദാനവും ദൗത്യവുമെല്ലാം നമ്മെ പഠിപ്പിച്ചത് യേശുവാണ്. യേശു പഠിപ്പിച്ചതിനാലാണ് ത്രിയേകത്വം സത്യമാണെന്ന് നാം വിശ്വസിക്കുന്നത്. ദൈവം സ്നേഹമാണെന്ന് വെളിപ്പെടുത്തിയത് യേശുവാണ്.

കാൽവരിയിലെ കുരിശിൽ അവൻ ശാശ്വതീകരിച്ചത് ആ സത്യമാണ്. ദൈവം ത്രിത്വമാണെന്ന് വെളിപ്പെടുത്തിയതും യേശുവാണ്. യേശുവിന്റെ ജ്ഞാനസ്നാന വേളയിലും രൂപാന്തരീകരണ സമയത്തും മരണവിനാഴികയിലും ഉത്ഥാനമുഹൂർത്തത്തിലും ത്രിത്വത്തിലെ രണ്ട് ആളുകളുടെയും സാന്നിധ്യമുണ്ടായിരുന്നു. 'എവിടെയെല്ലാം സ്നേഹമുണ്ടോ അവിടെയെല്ലാം ഒരു ത്രിത്വമുണ്ട്. സ്നേഹിക്കുന്ന വ്യക്തി, സ്നേഹിക്കപ്പെടുന്ന വ്യക്തി, സ്നേഹത്തിന്റെ ഒരു ഉറവ' എന്ന മനോഹരമായ വാക്കുകൾ വിശുദ്ധ ആഗസ്തീനോസിന്റേതാണ്. സ്നേഹിക്കുന്ന വ്യക്തി യേശുവാണെന്നും സ്നേഹിക്കപ്പെടുന്ന വ്യക്തി നാം ഓരോരുത്തരുമാണെന്നും കരുതുക. അങ്ങനെയെങ്കിൽ സ്നേഹത്തിന്റെ ഉറവ ആരുടേതായിരിക്കും? യേശുവിന്റേതായിരിക്കുമോ? തന്റേതു മാത്രമായ സ്നേഹം കൊണ്ടായിരിക്കുമോ അവൻ നമ്മെ സ്നേഹിക്കുന്നത്? ആയിരിക്കില്ല. സ്നേഹത്തിന്റെ ആ ഉറവ ഉത്ഭവിക്കുന്നത് പിതാവിൽ നിന്നാണ്. പിതാവിന്റെ സ്നേഹമാണ് യേശു

നമുക്കു നൽകിയത്.

തനിക്കുശേഷം ആ സ്നേഹം നമ്മുടെ ഹൃദയത്തിലേക്ക് ചൊരിയാനാണ് അവൻ നമുക്ക് പരിശുദ്ധാത്മാവിനെ നൽകിയത് (റോമ 5:5). പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യം എന്നത് സ്നേഹത്തിന്റെ രഹസ്യമാണ്. നമ്മുടെ ദൈവം ത്രിത്വമായിരിക്കുന്നത് സ്നേഹിക്കാൻ വേണ്ടി മാത്രമാണ്; സകലതും നൽകി നമ്മെ സ്നേഹിക്കാൻ വേണ്ടി മാത്രമാണ്. പിതാവ് പുത്രനെയും പുത്രനിലൂടെ പരിശുദ്ധാത്മാവിനെയും നൽകി നമ്മെ സ്നേഹിക്കുന്നു. പുത്രൻ തന്നെത്തന്നെയും തന്റെ മരണത്തിലൂടെ പരിശുദ്ധാത്മാവിനെയും നൽകി നമ്മെ സ്നേഹിക്കുന്നു. പരിശുദ്ധാത്മാവ് യേശുവിലൂടെ കൈവന്ന രക്ഷ സ്വന്തമാക്കാൻ നമ്മെ സഹായിച്ചും ദൈവത്തെ പിതാവേ എന്ന് വിളിപ്പിച്ചും (റോമ 8:15) നമ്മെ ഏല്പിച്ചിരിക്കുന്ന നല്ല നിക്ഷേപങ്ങൾ കാത്തുസൂക്ഷിക്കാൻ ശക്തി തന്നും (2 തിമോത്തേയോസ് 1:14) സ്വർഗ്ഗോന്മുഖരായി നമ്മെ നയിച്ചും നമ്മെ സ്നേഹിക്കുന്നു. ചുരുക്കത്തിൽ, സ്നേഹം എന്ന പരമസത്യത്തിന്റെ വിന്യാസത്തിനും വിനിമയത്തിനും വേണ്ടിയാണ് ദൈവം ത്രിത്വമായിരിക്കുന്നത്.

അതുകൊണ്ടാണ്, 'ദൈവം തനിച്ചായിരുന്നെങ്കിൽ, ഏകാന്തനായിരുന്നെങ്കിൽ, അനന്തകാലം മുതലേ സ്നേഹിക്കാൻ അവിടുത്തേക്ക് കഴിയുമായിരുന്നില്ല' എന്ന് കത്തോലിക്കാസഭയുടെ യുവജനമതബോധന ഗ്രന്ഥമായ 'യൂ കാറ്റ്' പഠിപ്പിക്കുന്നത്. 'നിങ്ങൾ മക്കളായതുകൊണ്ട് ആബ്ബാ ! - പിതാവേ! എന്നു വിളിക്കുന്ന തന്റെ പുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയത്തിലേക്ക് അയച്ചിരിക്കുന്നു' (ഗലാ. 4:6) എന്ന വചനത്തിലൂടെ എത്ര ധന്യാത്മകമായാണ് പരിശുദ്ധ ത്രിത്വത്തിന്റെ ലയലാവണ്യങ്ങൾ പൗലോസ് അപ്പസ്തോലൻ അടയാളപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ ഹൃദയം നമ്മുടേതല്ല; പിന്നെയോ, നമ്മുടെ ഹൃദയത്തിലേക്ക് തന്റെ പുത്രന്റെ ആത്മാവിനെ അയച്ച പിതാവിന്റേതാണ്! കറുത്ത നക്ഷത്രങ്ങളെ പുൽകാൻ കൊതിച്ച നമ്മെ സ്നേഹിച്ചു വീണ്ടെടുത്ത പുത്രന്റേതാണ്! നിത്യനിർവൃതിയായി നമ്മിൽ നിറയുന്ന പരിശുദ്ധാത്മാവിന്റേതാണ്! നമ്മുടെ ഹൃദയം പരിശുദ്ധ ത്രിത്വത്തിന്റെ അധിനിവേശ സാമ്രാജ്യമാണെന്നാണ് പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ ആത്യന്തികമായി നമ്മെ ഓർമ്മിപ്പിക്കുന്നത്.

## ട്രൈമോർഫിസം

പരിശുദ്ധ ത്രിത്വത്തിലുള്ള നമ്മുടെ ആന്തരികജീവിതത്തെ സമഗ്രമായി മനസ്സിലാക്കാൻ സഹായിക്കുന്ന പദമാണ് ട്രൈമോർഫിസം. the existence , property or condition of an organisam in three distinct forms as in certain butter-flies ഒരു ജീവിയുടെ മൂന്നു പ്രത്യേക രൂപങ്ങളിലുള്ള ഘടനാവ്യവസ്ഥ എന്നാണ് ആ വാക്കിന്റെ അർത്ഥം. സൃഷ്ടപ്രപഞ്ചത്തിലെ സമസ്ത സൗന്ദര്യങ്ങളുടെയും മിനിയേച്ചറായി നമ്മുടെ മുന്നിൽ പാറിയെത്താറുള്ള ശലഭങ്ങളാണ് ട്രൈമോർഫിസത്തിന് ഉത്തമ ഉദാഹരണം. നമ്മൾ കാണുന്നത് വർണ്ണപ്പകിട്ടാർന്ന ശലഭത്തെയാണ്. എന്നാൽ, അതിന് ലാർവ, പ്യൂപ എന്നീ രണ്ടു മുൻരൂപങ്ങളുണ്ട്. രണ്ടും ശലഭത്തിന്റെ അസ്തിത്വത്തിലെ സുപ്രധാനമായ ഘടനാ വ്യവസ്ഥകളാണ്. ലാർവയില്ലാതെ പ്യൂപയില്ല; പ്യൂപയില്ലാതെ ശലഭമില്ല. മൂന്നു വ്യവസ്ഥകൾക്കും തനതായ സവിശേഷതകളുണ്ട്; അതിലുപരിയായി മൂന്നും തമ്മിൽ അഗാധമായ പരസ്പരബന്ധമുണ്ട്. നമ്മുടെ ജീവിതത്തെ ഈ ഉദാഹരണത്തിലൂടെ ത്രിമാനമായി സങ്കല്പിച്ചു നോക്കൂ. ഇഹലോകത്തിൽ ശരീരത്തിൽ കാണപ്പെടുന്ന 'ഞാൻ' ആണോ യഥാർത്ഥ ഞാൻ? ഇപ്പോഴത്തെ മൂർത്തമായ യാഥാർത്ഥ്യം ഈ കാണുന്ന ഞാൻ ആണെങ്കിലും ഇതിനുമുൻപ് ഞാൻ മറ്റൊരു യാഥാർത്ഥ്യമായിരുന്നോ? എനിക്കായി നിശ്ചയിച്ച ഓട്ടം പൂർത്തിയാകുമ്പോൾ ഇപ്പോൾ മൂർത്തമായി കാണപ്പെടുന്ന ഈ ഞാൻ അമൂർത്തമായ മറ്റൊരു ഞാനായി മാറുമോ? മൂന്നു രൂപങ്ങളിലും കാണപ്പെടുന്നതിനാൽ മൂന്നു ഞാൻ ഉണ്ടോ? അതല്ല, ഒരേയൊരു ഞാൻ തന്നെയാണെങ്കിൽ ഏതാണ് യഥാർത്ഥ ഞാൻ? മൂന്നും ചേർന്നതാണോ? അതോ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് ഞാൻ പരിണമിച്ച് വളരുകയാണോ? ചോദ്യങ്ങൾ നിരവധിയാണ്! എനിക്ക് ഇപ്പോൾ കാണപ്പെടുന്ന ഈ ഞാനായിരിക്കാം പ്രിയപ്പെട്ട ഞാനെങ്കിലും ദൈവത്തിന് അങ്ങനെയല്ല. 'എനിക്കു രൂപം ലഭിക്കുന്നതിനു മുമ്പുതന്നെ അവിടുത്തെ കണ്ണുകൾ എന്നെ കണ്ടു' എന്ന സങ്കീർത്തകന്റെ വാക്കുകൾ (139:16) സത്യത്തിൽ നമ്മുടെ ലാർവാജീവിതത്തിലേക്ക് വിരൽചൂണ്ടുന്നില്ലേ? 'നമ്മൾ ഭൗമികന്റെ സാദൃശ്യം ധരിച്ചതുപോലെ തന്നെ സ്വർഗീയന്റെ സാദൃശ്യവും ധരിക്കും' എന്ന അപ്പസ്തോലന്റെ ഉറച്ച വാക്കുകൾ (1 കോറി. 15:49) നമ്മുടെ ശലഭജീവിതത്തിന്റെ കാഹളധ്വനിയല്ലേ? ചുരുക്കത്തിൽ, രണ്ട് തീയതികൾക്കിടയിലുള്ള ഓട്ടപ്പാച്ചിലല്ല നമ്മുടെ ജീവിതം; പിന്നെയോ, ജനനമോ മരണമോ ഇല്ലാത്ത ജീവന്റെ നൈരന്തര്യമാണ് എന്ന അവബോധമാണ് ട്രൈമോർഫിസം. സത്യത്തിൽ നാം ജനിക്കുന്നുമില്ല, മരിക്കുന്നുമില്ല. ദൈവം നിശ്ചയിച്ചിരിക്കുന്ന മുഹൂർത്തങ്ങളിൽ നമുക്ക് transfiguration സംഭവിക്കുന്നു എന്നു മാത്രം. നമ്മുടെ ആത്മാവും ജീവനും ലാർവയിൽ നിന്ന് പ്യൂപയിലേക്കും പ്യൂപയിൽ നിന്ന് ശലഭത്തിലേക്കുമുള്ള നിത്യമായ രൂപപരിണാമങ്ങളിലൂടെ കടന്നുപോകുന്നു. ഈ രൂപപരിണാമപ്രാപ്തി ത്രിത്വാത്മകനായ ദൈവത്തിന്റെ ദാനവും സമ്മാനവുമാണ്. മൂന്നു ഘടനാവ്യവസ്ഥകളിലും പരിശുദ്ധ ത്രിത്വൈകദൈവത്തിന്റെ അഗാധമായ സ്നേഹം ആവോളം അനുഭവിക്കാൻ നമുക്ക് കഴിയുന്നു എന്നതാണ് നമ്മെ സംബന്ധിച്ച ഏറ്റവും വിസ്മയകരമായ സത്യം. രൂപം ലഭിക്കുന്നതിന് മുൻപേ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സ്നേഹം നാം നുകരുന്നുണ്ടായിരുന്നു. രൂപം ലഭിച്ചതിനു ശേഷമുള്ള നമ്മുടെ ജീവിതം

ദൈവത്തിന്റെ ത്രിത്വാത്മക സ്നേഹത്തിലുള്ള ജീവിതമാണ്. ലഭിക്കാനിരിക്കുന്ന രൂപത്തിലാകട്ടെ പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും വിലയം പ്രാപിച്ചുള്ള ജീവിതമായിരിക്കും നമ്മുടേത്.

മറ്റൊരു വീക്ഷണകോണിലും ട്രൈമോർഫിസം നമുക്ക് മനസ്സിലാക്കാം. നമ്മുടെ ആത്മീയ ജീവിതം ലാർവ, പ്യൂപ, ഘട്ടങ്ങൾ പിന്നിട്ട് ഫലദായകമായ ശലഭ ജീവിതത്തിലേക്ക് വളരുന്നുണ്ടോ? അതോ നമ്മുടെ സാക്ഷ്യജീവിതം വളർന്നു വികസിക്കാതെ ലാർവ, പ്യൂപ ഘട്ടങ്ങളിൽ അകാലമൃതു വരിച്ചിട്ടുണ്ടോ? നമ്മുടെ വിശ്വാസബോധ്യങ്ങൾ, നാം വായിക്കുകയും അർത്ഥം ഗ്രഹിക്കുകയും ചെയ്ത നൂറുകണക്കിന് ദൈവവചനങ്ങൾ, നമ്മുടെ ജീവിതത്തിൽ ദൈവം ചൊരിഞ്ഞ സവിശേഷമായ കൃപകൾ,ദാനങ്ങൾ, വിസ്മയകരമായ ദൈവാനുഭവങ്ങൾ - ഇവയെല്ലാം ചേർന്ന് നമ്മുടെ ആത്മാവിനെ ശലഭജീവിതത്തിന്റെ ആനന്ദത്തിലേക്കും നിർവൃതിയിലേക്കും നയിക്കുന്നുണ്ടോ? 'എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു' എന്ന യേശുവചനം നമ്മിൽ ശലഭമായിട്ടുണ്ടോ? 'എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും' എന്ന യേശുവചനം (യോഹന്നാൻ 14:23) നമ്മിൽ ശലഭമായിട്ടുണ്ടോ?' ഈ ജീവിതത്തിനു വേണ്ടി മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ്' എന്ന അപ്പസ്തോലന്റെ വാക്കുകൾ (1കോറി. 15:19) നമ്മിൽ ശലഭമായിട്ടുണ്ടോ? ഉള്ളിൽ ഉദിച്ച നന്മകൾ സ്നേഹത്തിന്റെയും കരുണയുടെയും കർമ്മങ്ങളായി മറ്റുള്ളവരുടെ ജീവിതത്തിലേക്ക് ചിറകടിച്ചെത്തിയിട്ടുണ്ടോ? അങ്ങനെയൊക്കെ സംഭവിച്ചിട്ടുണ്ടെങ്കിൽ



മാത്രമേ നമ്മുടെ ആത്മാവിന്റെ മെറ്റമോഫസിസ് ശുഭപര്യവസായി ആകുകയുള്ളു. ഒടുവിൽ ആ പൂവാടിയിൽ, തോട്ടക്കാരന്റെ തിരുമുമ്പിലുള്ള ആനന്ദനടനത്തിന് അപ്പോൾ മാത്രമാണ് നാം സംപ്രാപ്തരാകുന്നത്. അനാദിമുതലേ ഒരുക്കപ്പെട്ടിരിക്കുന്ന സ്നേഹമധു നുകരാൻ, നാമാകുന്ന ശലഭങ്ങൾ കൃതാർത്ഥതയോടും ധന്യതയോടും കൂടെ ചിറകടിച്ചെത്തുന്നത് കാണാനാണ് പിതാവും പുത്രനും പരിശുദ്ധാത്മാവുമായ തോട്ടക്കാരൻ കാത്തിരിക്കുന്നത്.

മറ്റെല്ലാവരും ഉണ്ടെങ്കിലും ആ പൂന്തോപ്പിൽ നാമില്ലെങ്കിൽ, നമ്മെ എപ്പോഴും വലയം ചെയ്യുന്ന തേജസ്സാർന്ന ഒരു സ്നേഹം പരാജയപ്പെടുമെന്ന അവബോധം നമ്മുടെ ആത്മശലഭങ്ങളെ ഉത്തേജിപ്പിക്കട്ടെ.

**പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ മംഗളങ്ങൾ.**

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com